# Telephone Conversation between Prime Minister and Japanese Prime Minister Mr. Abe Shinzo

September 10, 2020

____________________________________________________________________________

## പ്രധാനമന്ത്രിയും ജാപ്പനീസ് പ്രധാനമന്ത്രി ശ്രീ. അബെ ഷിൻസോയുമായുള്ള തമ്മിലുള്ള ടെലിഫോൺ സംഭാഷണം

സെപ്റ്റംബർ 10, 2020

1. 2020 സെപ്റ്റംബർ 10 ന്, പ്രധാനമന്ത്രി ശ്രീ.നരേന്ദ്ര മോദിയും ജാപ്പനീസ് പ്രധാനമന്ത്രി ശ്രീ.അബെ ഷിൻസോയും തമ്മിൽ ടെലിഫോൺ സംഭാഷണം നടത്തി.

2. പരസ്പര വിശ്വാസവും സൗഹൃദവും ഊട്ടിയുറപ്പിച്ചു കൊണ്ട്, ഇരു നേതാക്കളും പരസ്പരമുള്ള രാജ്യങ്ങൾ സന്ദർശിച്ചതിന്റെ അനുഭവങ്ങൾ പങ്കുവയ്ച്ചു.

3.ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള വ്യക്തിഗതമായ പ്രതിബദ്ധതയ്ക്കും നേതൃത്വത്തിനും പ്രധാനമന്ത്രി മോഡി പ്രധാനമന്ത്രി അബെയ്ക്ക് നന്ദി പറഞ്ഞു.

4. ഇന്ത്യ -ജപ്പാൻ സ്പെഷ്യൽ സ്ട്രാറ്റജിക് & ഗ്ലോബൽ പാർട്ണർഷിപ്പിന് കീഴിൽ ഉള്ള മുംബൈ-അഹമ്മദാബാദ് ഹൈ സ്പീഡ് റെയിൽ പ്രൊജക്റ്റ് ഉൾപ്പടെ നടന്നുകൊണ്ടിരിക്കുന്ന സഹകരണപ്രവർത്തങ്ങളുടെ സ്ഥിതി ഇരു നേതാക്കളും വിലയിരുത്തി.കോവിഡിന് ശേഷമുള്ള ലോകത്തിന്റെ ഗതി നിർണയിക്കുന്നതിനു ഇരു രാജ്യങ്ങളും തമ്മിലുള്ള ശക്തവും സ്ഥിരവുമായ പങ്കാളിത്തത്തിനു പ്രധാന പങ്കു വഹിക്കാനാകുമെന്നു അവർ സമ്മതിച്ചു.

5. ഇന്ത്യൻ കരസേനയുടെയും ജപ്പാന്റെ സ്വയം പ്രതിരോധ സേനയുടെയും ഇടയിൽ സാധനങ്ങളും സേവനങ്ങളും പരസ്പരം വിതരണം ചെയ്യുന്നതിനുള്ള ഉടമ്പടി ഒപ്പു വയ്ക്കുന്നതിനുള്ള തീരുമാനത്തെ ഇരു നേതാക്കളും സ്വാഗതം ചെയ്തു. ഇരു രാജ്യങ്ങളും തമ്മിൽ സൈനിക തലത്തിലുള്ള സഹകരണം വർധിപ്പിക്കാൻ ഇത് മൂലം സാധിക്കുമെന്നും അത് വഴി ഇൻഡോ -പസഫിക് പ്രവിശ്യയിലെ സമാധാനത്തിനും ശാന്തിയ്ക്കും സംഭാവന ചെയ്യുമെന്ന് അവർ പ്രത്യാശിച്ചു.

6.കോവിഡ്-19 പകർച്ചവ്യാധിമൂലം പരസ്പരമുള്ള രാജ്യങ്ങളിൽ താമസിക്കുന്ന പൗരന്മാർക്ക് നൽകുന്ന പിന്തുണയിൽ ഇരു രാജ്യങ്ങളും പരസപരം അഭിനന്ദനം അറിയിച്ചു കൂടാതെ ഇത്തരം പരിശ്രമങ്ങൾ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യക്തിഗതമായ ബന്ധങ്ങൾ നിലനിൽക്കുന്നതിനു കാരണമാകുമെന്നും അവർ സമ്മതിച്ചു.

7. കഴിഞ്ഞ ഏതാനും വർഷങ്ങളായുള്ള ഇന്ത്യ -ജപ്പാൻ പങ്കാളിത്തത്തിന്റെ ശക്തമായ ക്രിയാത്മകതയിൽ ഇരു നേതാക്കളും ആത്മവിശ്വാസം പ്രകടിപ്പിക്കുകയും ഇത് അചഞ്ചലമായി തുടരുന്നതാണെന്നു ഉറപ്പാക്കുകയും ചെയ്തു.ജപ്പാനിലെ പുതിയ ഭരണകൂടവുമായി പ്രവർത്തിക്കുന്നതിനുള്ള ആഗ്രഹം പ്രധാനമന്ത്രി മോഡി അറിയിച്ചു കൂടാതെ പ്രധാനമന്ത്രി അബെയ്ക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചു.

**ന്യൂ ഡൽഹി**
**10 സെപ്റ്റംബർ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**